പുലമൻ ജങ്ഷനിൽ കക്കൂസും മൂത്രപ്പുരയും.

200. [18] ശ്രീ സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര പുലമൻ ജംഗ്ഷനിൽ പബ്ലിക്കിന്റെ ആവശ്യത്തിനുവേണ്ടി ഒരു കക്കൂസും മൂത്രപ്പുരയും വളരെ ആവശ്യമാണെന്നു് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) കഴിയുന്നതും വേഗം ഒരു മൂത്രപ്പുരയും, കക്കൂസും അവിടെ കെട്ടിപ്പൊക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ) ഉണ്ടു് ;

(ബി) കഴിയുന്നതും വേഗം കെട്ടിപ്പൊക്കാം.

ഡിപ്പാർട്ട്മെൻറുകളുടെ ആവശ്യത്തിനു് എടുക്കുന്ന തുണി.

201. [19] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ടു്, മെഡിക്കൽ, എക്സൈസു് എന്നീ ഡിപ്പാർട്ട്മെൻറുകളിലെ ആവശ്യത്തിനായി ഗവണ്മെൻറിനു് പ്രതിവർഷം ഇപ്പോൾ എത്രവാര തുണി ആവശ്യമുണ്ടു് ;

(ബി) അതിൽ കൈത്തറി നെയ്ത്തുകാർ ഉൽപ്പാദിപ്പിക്കുന്ന തുണികളും എടുക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ?

ഉത്തരം.

(എ) 2,70,400 വാര.

(ബി) ഉണ്ടു് ; 2,34,675 വാര.

സിവിൽ വർക്കിനു കൊള്ളിച്ചിട്ടുള്ള തുക.

202. [20] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ബഡ്ജറ്റു് വർഷത്തിൽ സിവിൽവർക്കിനു കൊള്ളിച്ചിട്ടുള്ള തുക മുഴുവൻ ചെലവുചെയ്തു്, അതിനുള്ള പണികളും ചെയ്തീർക്കുന്നതിനു കഴിയുമെന്നു് ഗവണ്മെൻറു് കരുതുന്നുണ്ടോ ;

(ബി) ജോലികൾ കഴിയുന്നത്ര വേഗത്തിൽ നടത്തുന്നതിനു ഗവണ്മെൻറു് എന്തെങ്കിലും പുതിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്തൊക്കെയാണെന്നു് വ്യക്തമാക്കുമോ ?

ഉത്തരം.

(എ) ഉണ്ടു് ;

(ബി) ഉണ്ടു് ;

(സി) പണികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ഉള്ള നടപടി ക്രമത്തിൽ വ്യത്യാസം വരുത്തുകയും, ജോലികൾ നടത്തുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

ളള കാലതാമസം കുറയ്ക്കുന്നതിനായി എക്സ്റ്റിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്ക് കൂടുതൽ അധികാരങ്ങൾ നൽകുകയും ഗവണ്മെൻറിൽനിന്ന് ജോലിക ളുടെ പ്രോഗ്രസ്സ് പരിശോധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്.

Neyyattinkara-Vilavancode Community Project.

203 [21] SHRI M. WILLIAM: Will the Chief Minister be pleased to state:

(*a*) the number of works and the nature of works and the respective costs of works done by the Neyyattinkara-Vilavancode Community Project in the years 1952 to 1953 and 1953 to 1954 and 1954 to 1955; and

(*b*) what is the reason for the vast difference in works carried on in Vilavancode as against the works in Neyyattinkara Taluk?

Answer.

*(*a*) The statements showing details regarding the number of works, the nature of works and the respective costs of works done in the Neyyattinkara-Vilavancode Community Project in 52-53; 53-54 and 54-55 are placed on the table. Works are usually taken up only after the estimates are approved by the Project Advisory Committee considering the extent of voluntary contribution by way of land labour, and co-operation of the public.

The difference between the expenditure incurred for works in the taluks of Neyyattinkara and Vilavancode is also due to the vast difference in area between them. Vilavancode Taluk is 166·06 Sq. miles in area and Neyyattinkara Taluk 232·96 Sq. miles.

മേലുകര-റാന്നി റോഡിന്റെ പണി.

204. (24) ശ്രീ എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനം തിട്ട താലൂക്കിൽ മേലുകര–റാന്നി റോഡിന്റെ പണി ഏതു നിലയിലിരിക്കുന്നു;

(ബി) ടി റോഡ് ന്റെ പണി എത്രയും വേഗം പൂർത്തിയാക്കുമോ?

ഉത്തരം.

(എ) ഒന്നും രണ്ടും മൈലുകളിൽ ജോലി പൂർത്തിയായി. മൂന്നാം മൈലിൽ പാലങ്ങളും കലുങ്കുകളും പണിതുകഴിഞ്ഞു. നാലാംമൈലിലെ ജോലിക്ക് ടെൻഡർ വിളി ചുട്ടുണ്ട്.

(ബി) കഴിയുന്നവേഗത്തിൽ പൂർത്തിയാക്കുവാൻ ശ്രമിക്കുന്നതാണ്.

* Please see Appendix IX.

LIBRARY ARCHIVES Kerala Legislative Assembly